## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **13-02-2025 - ൽ മറുപടിയ്ക്ക്**

## ലൈവ് സ്റ്റോക്ക് ഇൻപെക്ടർ തസ്തികയുടെ യോഗ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വി.എച്ച്.എസ്.ഇ. യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ് സ്റ്റോക്ക് ഇൻപെക്ടർ തസ്തികയുടെ യോഗ്യതയായി അംഗീകരിക്കാത്തിന്റെ കാരണം അറിയിക്കാമോ; | (എ) | കേന്ദ്ര ധനമന്ത്രാലയത്തിന്റെ 27/12/2013-ലെ 08/06/2013 വിജ്ഞാപനം അനുസരിച്ച് എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും NSQF (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം) ആയി മാറ്റുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കുന്നതിനുള്ള പദ്ധതിയും അതനുസരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പരിഷ്കരിക്കുകയുണ്ടായി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഈ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി VHSE-യിൽ നിലവിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകളും 2018-19 അധ്യയന വർഷം മുതൽ NSQF അടിസ്ഥാനമാക്കിയുള്ള നൈപുണ്യ കോഴ്സുകളാക്കി മാറ്റുകയുണ്ടായി. ഇപ്പോൾ VHSC-ൽ വാഗ്ദാനം ചെയ്യുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും 2020-21 അധ്യയന വർഷം മുതൽ NSQF അടിസ്ഥാനമാക്കിയുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ Special Rules പ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II / പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കോർഡർ / സ്റ്റോർ കീപ്പർ / എന്യൂമറേറ്റർ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത VHSE-യിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് വിജയമാണ്. പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള VHSE വിഭാഗം LSM course പൂർണ്ണമായും നിർത്തലാക്കുകയും ആയത് NSQF അടിസ്ഥാനമാക്കിയുള്ള ഡയറി ഫാർമർ എന്റർപ്രണർ (DFE) / ചെറുകിട പൗൾട്രി (SPF)കോഴ്സ് എന്നാക്കി മാറ്റുകയുണ്ടായി. എന്നാൽ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ആയത് സംബന്ധിച്ച് ഭേദഗതി വരുത്തിയിട്ടില്ല. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് വി.എച്ച്.എസ്.ഇ. യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് പാസ്സായിട്ടുള്ള | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ |

| | | | |
|---|---|---|---|
| | ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | | സ്പെഷ്യൽ റൂൾ ഭേദഗതിയ്ക്ക് സ്വാഭാവികമായ കാലതാമസമുണ്ടാകുമെന്നതിനാലും നിലവിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ പി എസ് സി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ വ്യക്തമായ പൊതുതാൽപര്യമുള്ളതിനാലും VHSE in Livestock Management യോഗ്യതയ്ക്ക് തുല്യമാണ് NSQF അടിസ്ഥാനമാക്കിയ ഡയറി ഫാർമർ എന്റർപ്രണർ (DFE) / ചെറുകിട പൗൾട്രി (SPF ) എന്നീ കോഴ്സുകൾ എന്ന് തെളിയിക്കുന്ന Equivalency Certificate അനുവദിക്കാവുന്നതാണോയെന്ന വിഷയം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ